# പത്താംതരത്തിലെ നിരന്തരമൂല്യനിർണയം വിശദാംശങ്ങൾ

നിരന്തരവും സമഗ്രവുമായ മൂല്യനിർണയ പ്രക്രിയ ഒൻപതാംതരത്തിന്റെ തുടർച്ചയെന്നോണം 2004 -2005 അധ്യയനവർഷത്തിൽ പത്താംതരത്തിൽ നടപ്പിലാക്കുകയുണ്ടായി. ഫലപ്രദമായ നടപ്പാക്കൽ സാധ്യമാക്കുന്നതിനുവേണ്ടി മൂല്യനിർണയത്തെ മൂന്ന് പാർട്ടുകളാക്കി വിഭജിച്ചിരിക്കുന്നു.

***പാർട്ട് 1 : വൈജ്ഞാനികമേഖലയിലെ മികവുകളുമായി ബന്ധപ്പെട്ട വിലയിരുത്തൽ.***

***പാർട്ട് 2 : സഹവൈജ്ഞാനിക മേഖലയിലെ മികവുകളുമായി ബന്ധപ്പെട്ട വിലയിരുത്തൽ.***

***പാർട്ട് 3 : പഠിതാവിന്റെ വ്യക്തിത്വ സവിശേഷതകളും- സാമൂഹ്യശേഷികളുമായും ബന്ധപ്പെട്ട വിലയിരുത്തൽ.***

ഇവയിൽ പാർട്ട് 2, പാർട്ട് 3 എന്നീ മേഖലകളിലെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതു സംബന്ധിച്ചും, മികവുകൾ പരിശോധിക്കുന്നതു സംബന്ധിച്ചും കൂടുതൽ വ്യക്തത ആവശ്യമാണെന്ന അഭിപ്രായം ഉയർന്നു വന്നിട്ടുണ്ട്. മാത്രവുമല്ല ഈ മേഖലകളിൽ മതിയായ അധ്യാപക പരിശീലനം നൽകുന്നതിന് സാധിച്ചിട്ടുമില്ല. ആയതിനാൽ പാർട്ട് 2, പാർട്ട് 3 എന്നീ മേഖലകളിലെ വിലയിരുത്തൽ പൊതുപരീക്ഷയുടെ വിലയിരുത്തലിൽ നിന്ന് ഈ അധ്യയനവർഷം ഒഴിവാക്കുന്നതാണ്.

പാർട്ട് 1 ലെ നിരന്തരമൂല്യനിർണയം(CE) ആത്യന്തികമൂല്യനിർണയം (TE) എന്നിവ നടപ്പാക്കുന്നത് സംബന്ധിച്ച് അധ്യാപകപരിശീലനം നൽകുന്നതിനും, മതിയായ സോഴ്സ് മെറ്റീരിയലുകൾ നൽകുന്നതിനും സാധിച്ചിട്ടുണ്ട്. എങ്കിലും നിരന്തരമൂല്യനിർണയത്തിന്റെ ഭാഗമായി ഓരോ പേപ്പറുമായും ബന്ധപ്പെട്ട് നിർവഹിക്കണമെന്ന് നിർദേശിച്ചിരുന്ന പ്രോജക്ടുകൾ, അസൈൻമെന്റുകൾ, സെമിനാർ/ പ്രാക്ടിക്കൽ, കളക്ഷൻ/ റെക്കാർഡ്, ക്ലാസ്ടെസ്റ്റ് എന്നിവ പഠിതാക്കളിൽ അമിതഭാരം ഉണ്ടാക്കുന്നുവെന്ന് അഭിപ്രായം ഉയർന്നു വന്നിട്ടുണ്ട്. ഇക്കാര്യങ്ങൾ വിദ്യാർത്ഥികൾ, രക്ഷകർത്താക്കൾ, അധ്യാപകർ, വിദ്യാഭ്യാസ ഓഫീസർമാർ, വിദ്യാഭ്യാസവിചക്ഷണൻമാർ എന്നിവരുമായി ചർച്ച നടത്തുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ഓരോ പേപ്പറുമായി ബന്ധപ്പെടുത്തി നിരന്തരമൂല്യനിർണയത്തിൽ പരിഗണിക്കേണ്ട ഉപാധികളെ സംബന്ധിച്ച് മുമ്പ് പുറപ്പെടുവിച്ചിരുന്ന മാനദണ്ഡങ്ങളിൽ ചില ഭേദഗതികൾ വരുത്തുകയാണ്. ഈ ഭേദഗതികൾ കുട്ടികളുടെ പഠനഭാരം ലഘൂകരിക്കുന്നതിന് സഹായകമാകും. ഓരോ പേപ്പറുമായും ബന്ധപ്പെടുത്തി പഠിതാവ് ഏർപ്പെടുന്ന പഠനപ്രവർത്തനങ്ങളിൽ വിലയിരുത്തലിന് ഊന്നൽ കൊടുക്കുന്ന മേഖലകളാണ് ചുവടെകൊടുത്തിരിക്കുന്നത്.

## പാർട്ട് 1: **നിരന്തരമൂല്യനിർണയം വിശദാംശങ്ങൾ** (2004- 2005) അധ്യയന വർഷത്തേയ്ക്ക്)

| *നമ്പർ* | *വിഷയം/പേപ്പർ* | *നിരന്തര മൂല്യനിർണയ ഉപാധികളും അവയുടെ സ്കോറും* | | | *ആകെ ഉപാധികൾ* | CE *സ്കോർ* |
|---|---|---|---|---|---|---|
| 1. | ഒന്നാം ഭാഷ ....... പേപ്പർ I | 1 പ്രോജക്ട് | 1 സെമിനാർ | 2 ക്ലാസ് ടെസ്റ്റ് | 2 + 2 ക്ലാസ് ടെസ്റ്റ് | 10 |
| 2. | ഒന്നാം ഭാഷ പേപ്പർ II | 1 അസൈൻമെന്റ് | 1 റിക്കാർഡ്/കളക്ഷൻ | 2 ക്ലാസ് ടെസ്റ്റ് | 2 + 2 ക്ലാസ് ടെസ്റ്റ് | 10 |
| 3. | ഇംഗ്ലീഷ് I | 1 പ്രോജക്ട് | 1 സെമിനാർ | 2 ക്ലാസ് ടെസ്റ്റ് | 2 + 2 ക്ലാസ് ടെസ്റ്റ് | 10 |
| 4. | ഇംഗ്ലീഷ് II | 1 അസൈൻമെന്റ് | 1 റിക്കാർഡ്/കളക്ഷൻ | 2 ക്ലാസ് ടെസ്റ്റ് | 2 + 2 ക്ലാസ് ടെസ്റ്റ് | 10 |
| 5. | ഹിന്ദി | 1 പ്രോജക്ട്<br>1 സെമിനാർ | 1 അസൈൻമെന്റ്<br>1 റിക്കാർഡ്/കളക്ഷൻ | 2 ക്ലാസ് ടെസ്റ്റ് | 4 + 2 ക്ലാസ് ടെസ്റ്റ് | 10 |
| 6. | സാമൂഹ്യശാസ്ത്രം-I | 1 പ്രോജക്ട് | 1 അസൈൻമെന്റ് | 2 ക്ലാസ് ടെസ്റ്റ് | 2 + 2 ക്ലാസ് ടെസ്റ്റ് | 10 |
| 7. | സാമൂഹ്യശാസ്ത്രം-II | 1 സെമിനാർ | 1 റിക്കാർഡ്/കളക്ഷൻ | 2 ക്ലാസ് ടെസ്റ്റ് | 2 + 2 ക്ലാസ് ടെസ്റ്റ് | 10 |
| 8. | ഊർജതന്ത്രം | 1 പ്രോജക്ട്<br>1 അസൈൻമെന്റ് | 1 പ്രാക്ടിക്കൽ/സെമിനാർ<br>1 റിക്കാർഡ്/കളക്ഷൻ | 2 ക്ലാസ് ടെസ്റ്റ് | 4 + 2 ക്ലാസ് ടെസ്റ്റ് | 10 |
| 9. | രസതന്ത്രം | 1 പ്രോജക്ട്<br>1 അസൈൻമെന്റ് | 1 പ്രാക്ടിക്കൽ/സെമിനാർ<br>1 റിക്കാർഡ്/കളക്ഷൻ | 2 ക്ലാസ് ടെസ്റ്റ് | 4 + 2 ക്ലാസ് ടെസ്റ്റ് | 10 |
| 10. | ജീവശാസ്ത്രം | 1 പ്രോജക്ട്<br>1 അസൈൻമെന്റ് | 1 പ്രാക്ടിക്കൽ/സെമിനാർ<br>1 റിക്കാർഡ്/കളക്ഷൻ | 2 ക്ലാസ് ടെസ്റ്റ് | 4 + 2 ക്ലാസ് ടെസ്റ്റ് | 10 |
| 11. | ഗണിതം-I | 1 പ്രോജക്ട് | 1 റിക്കാർഡ്/കളക്ഷൻ | 2 ക്ലാസ് ടെസ്റ്റ് | 2 + 2 ക്ലാസ് ടെസ്റ്റ് | 10 |
| 12. | ഗണിതം-II | 1 അസൈൻമെന്റ് | 1 പ്രാക്ടിക്കൽ/സെമിനാർ | 2 ക്ലാസ് ടെസ്റ്റ് | 2 + 2 ക്ലാസ് ടെസ്റ്റ് | 10 |
| 13. | ഐ.ടി | 1 പ്രോജക്ട്<br>1 അസൈൻമെന്റ് | 1 പ്രാക്ടിക്കൽ/സെമിനാർ<br>1 റിക്കാർഡ്/കളക്ഷൻ | 2 ക്ലാസ് ടെസ്റ്റ് | 4 + 2 ക്ലാസ് ടെസ്റ്റ് | 10 |

13 പേപ്പറുകൾക്കും ക്ലാസ്ടെസ്റ്റുകൾ ഉണ്ടാകും. ജൂലൈ, നവംബർ മാസങ്ങളിൽ ഇത് നടത്തേണ്ടതാണ്. നിരന്തരമൂല്യനിർണയത്തിന് വളരെയേറെ സാധ്യതകളുള്ള ഉപാധികളാണ് ഓരോ പേപ്പറിനും പരിഗണിച്ചിട്ടുള്ളത്. ഓരോ പേപ്പറുമായും ബന്ധപ്പെട്ടുള്ള രേഖകൾ വിലയിരുത്തലിന് വിധേയമാക്കി അതാത് പേപ്പറിന്റെ പോർട്ട് ഫോളിയോ ആയി സൂക്ഷിക്കേണ്ടതാണ്. ഇത്തരത്തിൽ ഒരു വിദ്യാർഥി 13 പോർട്ട് ഫോളിയോകൾ വിലയിരുത്തലിന് വിധേയമാക്കി സൂക്ഷിക്കേണ്ടതാണ്.

നിരന്തരമൂല്യനിർണയവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും, വിലയിരുത്തലും സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഒരു പ്രവർത്തനപ്പട്ടിക തയാറാക്കേണ്ടതാണ്. അതിനുള്ള പുതുക്കിയ മാതൃക ചുവടെ കൊടുക്കുന്നു. നിർദേശിക്കപ്പെട്ട പ്രവർത്തനങ്ങൾ ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ പൂർത്തീകരിക്കുന്ന രീതിയിലാണ് പട്ടിക തയാറാക്കേണ്ടത്. സ്കൂൾ തലത്തിൽ പട്ടിക തയാറാക്കി അതിനനുസരിച്ച് പ്രവർത്തനങ്ങൾ ക്രമീകരിക്കേണ്ടതാണ്.

നിരന്തരമൂല്യനിർണയവുമായി ബന്ധപ്പെട്ട പോർട്ട്ഫോളിയോകൾ മൂല്യനിർണയത്തിന് വിധേയമാക്കി സ്കൂളിൽതന്നെ സൂക്ഷിക്കേണ്ടതാണ്. അന്തിമ വിലയിരുത്തൽ രേഖ പരീക്ഷാഭവനിലേക്ക് (ഫെബ്രുവരി അവസാനം) അയച്ചതിനുശേഷം പോർട്ട്ഫോളിയോകൾ മടക്കിനൽകാവുന്നതാണ്. നിരന്തരമൂല്യനിർണയവുമായി ബന്ധപ്പെട്ട വിലയിരുത്തലുകൾ പരിശോധിക്കുന്നതിന് ജില്ലാതല മോണിറ്ററിംഗ് ടീമുകളുണ്ടാകും. സംസ്ഥാനത്തെ ഗവണ്മെന്റ്, എയിഡഡ്, അൺ എയിഡഡ് റെക്കഗ്നൈസ്ഡ് സ്കൂളുകളിലെ നിരന്തരമൂല്യനിർണയം സംബന്ധിച്ച പോർട്ട്ഫോളിയോകൾ (വിലയിരുത്തൽ രേഖകൾ) ജില്ലാ വിദ്യാഭ്യാസ ഓഫീസർ കൺവീനറായുള്ള ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി രണ്ടാമത്തെ ടേമിലും (ഒക്ടോബർ) മൂന്നാമത്തെ ടേമിലും (ജനുവരി) പരിശോധിച്ച് യുക്തമായ നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ സംസ്ഥാനതല മോണിറ്ററിംഗ് ടീമിന്റെ റാൻഡം പരിശോധനയും ഇതിനു പുറമെ ഉണ്ടായിരിക്കും.

ഗ്രേഡിംഗ് സംബന്ധിച്ച് കുട്ടികൾക്കും രക്ഷിതാക്കൾക്കും നിലവിലുള്ള സംശയങ്ങൾ ദൂരീകരിക്കുന്നതിനുവേണ്ടി പ്രത്യേകം പ്രത്യേകം ലഘുലേഖകൾ നൽകുന്നതാണ്. കൂടാതെ മൂല്യനിർണയം വിനിമയം ചെയ്യുന്നത് സംബന്ധിച്ച് അധ്യാപകർക്കും സമൂഹത്തിനും അവബോധം ഉണ്ടാക്കിയെടുക്കുന്നതിനുവേണ്ടി ജില്ലാതല സെമിനാറുകളും, ഇന്ററാക്ടീവ് സി.ഡിയിലൂടെയുള്ള ബോധവത്ക്കരണവും നടത്തുന്നതാണ്.

## നിരന്തരമൂല്യനിർണയം- ക്ലാസ് 10

| നമ്പർ | വിഷയം/പേപ്പർ | ഒക്ടോബർ | നവംബർ | ഡിസംബർ | ആകെ |
|---|---|---|---|---|---|
| 1. | ഒന്നാം ഭാഷ പേപ്പർ I | 1 പ്രോജക്ട് | ക്ലാസ് ടെസ്റ്റ് | 1 സെമിനാർ | 4 + ക്ലാസ് ടെസ്റ്റ് |
| 2. | ഒന്നാം ഭാഷ പേപ്പർ II | 1 അസൈൻമെന്റ് | ക്ലാസ് ടെസ്റ്റ് | 1 റിക്കാർഡ്/ കളക്ഷൻ | |
| 3. | ഇംഗ്ലീഷ് I | 1 സെമിനാർ | ക്ലാസ് ടെസ്റ്റ് | 1 പ്രോജക്ട് | 4 + ക്ലാസ് ടെസ്റ്റ് |
| 4. | ഇംഗ്ലീഷ് II | 1 റിക്കാർഡ്/ കളക്ഷൻ | ക്ലാസ് ടെസ്റ്റ് | 1 അസൈൻമെന്റ് | |
| 5. | ഹിന്ദി | 1 പ്രോജക്ട്<br>1 സെമിനാർ | ക്ലാസ് ടെസ്റ്റ് | 1 അസൈൻമെന്റ്<br>1 റിക്കാർഡ്/ കളക്ഷൻ | 4 + ക്ലാസ് ടെസ്റ്റ് |
| 6. | സാമൂഹ്യശാസ്ത്രം-I | 1 അസൈൻമെന്റ് | ക്ലാസ് ടെസ്റ്റ് | 1 പ്രോജക്ട് | 4 + ക്ലാസ് ടെസ്റ്റ് |
| 7. | സാമൂഹ്യശാസ്ത്രം-II | 1 റിക്കാർഡ്/ കളക്ഷൻ | ക്ലാസ് ടെസ്റ്റ് | 1 സെമിനാർ | |
| 8. | ഊർജതന്ത്രം | 1 പ്രോജക്ട്<br>1 അസൈൻമെന്റ് | ക്ലാസ് ടെസ്റ്റ് | 1 പ്രാക്ടിക്കൽ/ സെമിനാർ<br>1 റിക്കാർഡ്/ കളക്ഷൻ | 4 + ക്ലാസ് ടെസ്റ്റ് |
| 9. | രസതന്ത്രം | 1 പ്രാക്ടിക്കൽ/ സെമിനാർ<br>1 റിക്കാർഡ്/ കളക്ഷൻ | ക്ലാസ് ടെസ്റ്റ് | 1 പ്രോജക്ട്<br>1 അസൈൻമെന്റ് | 4 + ക്ലാസ് ടെസ്റ്റ് |
| 10. | ജീവശാസ്ത്രം | 1 പ്രോജക്ട്<br>1 അസൈൻമെന്റ് | ക്ലാസ് ടെസ്റ്റ് | 1 പ്രാക്ടിക്കൽ/ സെമിനാർ<br>1 റിക്കാർഡ്/ കളക്ഷൻ | 4 + ക്ലാസ് ടെസ്റ്റ് |
| 11. | ഗണിതം-I | 1 പ്രോജക്ട് | ക്ലാസ് ടെസ്റ്റ് | 1 റിക്കാർഡ്/ കളക്ഷൻ | 4 + ക്ലാസ് ടെസ്റ്റ് |
| 12. | ഗണിതം-II | 1 അസൈൻമെന്റ് | ക്ലാസ് ടെസ്റ്റ് | 1 പ്രാക്ടിക്കൽ/ സെമിനാർ | |
| 13. | ഐ.ടി | 1 പ്രാക്ടിക്കൽ/ സെമിനാർ<br>1 റിക്കാർഡ്/ കളക്ഷൻ | ക്ലാസ് ടെസ്റ്റ് | 1 പ്രോജക്ട്<br>1 അസൈൻമെന്റ് | 4 + ക്ലാസ് ടെസ്റ്റ് |

ഇവയിൽ ഏതെങ്കിലും ഇനങ്ങൾ ഇതിനകം തന്നെ പൂർത്തീകരിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അവയുടെ രേഖകളും വിലയിരുത്തൽ സ്കോറുകളും ഇവിടെ പരിഗണിക്കാവുന്നതാണ്. പ്രസ്തുത ഇനത്തിലെ പ്രവർത്തനം സംബന്ധിച്ച രേഖകൾ സൂക്ഷിച്ചാൽ മതി.

ഓരോ പേപ്പറിന്റേയും നിരന്തരമൂല്യനിർണയം, ആത്യന്തിക മൂല്യനിർണയം എന്നിവയുടെ സ്കോർ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| *നമ്പർ* | *വിഷയം/പേപ്പർ* | *നിരന്തര മൂല്യനിർണയം സ്കോർ* | *ആത്യന്തിക മൂല്യനിർണയം സ്കോർ* | *ആകെ സ്കോർ* |
|---|---|---|---|---|
| 1. | ഒന്നാം ഭാഷ പേപ്പർ I | 10 | 50 | 60 |
| 2. | ഒന്നാം ഭാഷ പേപ്പർ II | 10 | 50 | 60 |
| 3. | ഇംഗ്ലീഷ് I | 10 | 50 | 60 |
| 4. | ഇംഗ്ലീഷ് II | 10 | 50 | 60 |
| 5. | ഹിന്ദി | 10 | 50 | 60 |
| 6. | സാമൂഹ്യശാസ്ത്രം-I | 10 | 50 | 60 |
| 7. | സാമൂഹ്യശാസ്ത്രം-II | 10 | 50 | 60 |
| 8. | ഊർജതന്ത്രം | 10 | 50 | 60 |
| 9. | രസതന്ത്രം | 10 | 50 | 60 |
| 10. | ജീവശാസ്ത്രം | 10 | 50 | 60 |
| 11. | ഗണിതം-I | 10 | 50 | 60 |
| 12. | ഗണിതം-II | 10 | 50 | 60 |
| 13. | ഇൻഫർമേഷൻ ടെക്നോളജി | 10 | 30 (25 തിയറി 5 പ്രാക്ടിക്കൽ) | 40 |
| | **ആകെ** | **130** | **630** | **760** |

ഓരോ പേപ്പറിന്റേയും നിരന്തരമൂല്യനിർണത്തിന്റെ പരമാവധി സ്കോർ 10 ആകുന്നു. അതിൽ ക്ലാസ് ടെസ്റ്റിന് പരമാവധി നൽകാവുന്നത് (2 ക്ലാസ് ടെസ്റ്റുകളുടെയും ആവറേജ്) സ്കോർ 2 ആണ്. ബാക്കി വരുന്ന 8 സ്കോർ വിഷയബന്ധിതമായി ഉൾപ്പെടുത്തിയിരിക്കുന്ന മറ്റു നിരന്തമൂല്യനിർണയ ഉപാധികൾക്ക് തുല്യമായി നിജപ്പെടുത്തിയിരിക്കുന്നു.

ഈ രീതിയിൽ ഓരോ പേപ്പറുമായി ബന്ധപ്പെട്ട് ലഭിക്കുന്ന CE സ്കോറും പൊതു പരീക്ഷയിലൂടെ ലഭിക്കുന്ന TE സ്കോറും കൂട്ടിയശേഷം ലഭിക്കുന്ന സ്കോറും ആനുപാതികമായ ഗ്രേഡും ആയിരിക്കും ഓരോ പേപ്പറിനും നൽകുന്നത്. ഇപ്രകാരം 13 പേപ്പറുകളുടേയും മാർക്കും ഗ്രേഡും സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തുന്നതായിരിക്കും. ഓവർ ഓൾ മാർക്കും ഗ്രേഡും രേഖപ്പെടുത്തുന്നതല്ല. ഗ്രേഡിംഗ് സമ്പ്രദായത്തിലൂടെ പഠിച്ച കുട്ടികൾക്കും, പഴയ സ്കീമിൽ പഠിച്ച കുട്ടികൾക്കും 11ാം തരത്തിൽ അഡ്മിഷൻ നിർവഹിക്കുന്നത് സംബന്ധിച്ച് പ്രത്യേകരേഖ തയാറാക്കുന്നതാണ്. നിർദേശിച്ച രീതിയിലുള്ള മാറ്റങ്ങളോടെ പഠനബോധനപ്രക്രിയ ഫലപ്രദമായി നിർവഹിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.